(സി) നിർത്തലാക്കിയ കടകൾ പുനഃസ്ഥാപിക്കുന്നതിന് ഈ കടകളുടെ ഒഴിവ് പരസ്യപ്പെടുത്തി അപേക്ഷ സ്വീകരിച്ച് പതിവു നടപടിക്രമമനുസരിച്ച് ലൈസൻസിയെ നിയമിക്കുന്നതാണ്.

(ഡി) റേഷൻ സാധനങ്ങൾ മറിച്ച് വിറ്റതായുള്ള കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് ആരംഭിക്കാൻ നടപടി

66 [2683] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് എന്നു മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഇവിടെ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് 24-9-2004-ലെ നടപടിക്രമം അനുസരിച്ച് അനുവാദം നൽകുകയുണ്ടായി. തുടർന്ന് അധിക സ്ഥലം ലഭ്യമാക്കുവാനും തീരുമാനമായി. ലാഭം മാർക്കറ്റിന്റെ ഫർണിഷിംഗ് ജോലികൾ അടിയന്തിരമായി നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഴിയുന്നത്ര നേരത്തെ തന്നെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേരി മണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിലെ പറപ്പൂർ, ചെറിയാപറമ്പിൽ പുതിയ റേഷൻ കട തുടങ്ങുന്നതിന് നടപടി

67 [2684] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിലെ പറപ്പൂർ, ചെറിയാപറമ്പിൽ പുതിയ റേഷൻകട തുടങ്ങുന്നതിന് നാട്ടുകാരിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഷൻകട ഇല്ലാത്തതിൽ പ്രസ്തുത പ്രദേശത്തുകാർ പ്രയാസങ്ങൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ റേഷൻ കട തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 28-1-2004-ന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തുകാർ റേഷൻ വാങ്ങുന്നതിനായി 1½ കി. മീ. മുതൽ 2 കി. മീ. വരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ പ്രദേശത്ത് ഒരു പുതിയ റേഷൻ കട അനുവദിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ സാമ്പത്തിക ഭദ്രതയോടുകൂടി ഒരു കട നടത്തുന്നതിനാവശ്യമായ 400 കാർഡുകൾ ലഭിക്കുകയില്ലെന്നും സമീപത്തുള്ള കടകളുടെ പ്രവർത്തനത്തെ അത് പ്രതികൂലമായി ബാധിക്കുമെന്നും വെളിവായിട്ടുണ്ട്. അതിനാൽ തത്ക്കാലം ഈ പ്രദേശത്ത് ഒരു പുതിയ കട അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

കോഴിക്കോട് ജില്ലയിലെ റേഷൻകടകൾ

68 [2685] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്ത് എന്നിവിടങ്ങളിൽ ആകെ എത്ര റേഷൻകടകൾ ഉണ്ട്;

(ബി) ഓരോ കടകളിലും റേഷൻ കാർഡുകളുടെ എണ്ണം എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly